(സി) DGT-യുടെ മാനദണ്ഡമനുസരിച്ച് ഏത് അഫിലിയേഷൻ നേടിയെടുക്കുന്നതിന് സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിലെ ട്രേഡുകൾക്ക്/യൂണിറ്റുകൾക്ക് DGT-യുടെ പുതുക്കിയ സിലബസ് പ്രകാരം ആവശ്യമായ പഠനോപകരണങ്ങളും യന്ത്ര സാമഗ്രികളും സംഭരണം നടത്തേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ വ്യവസായിക പരിശീലന വകുപ്പ് സ്വീകരിച്ചുവരുന്നു.

ഐ.ടി.ഐ.-കളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

249(2718) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളെ പുതിയ കാലഘട്ടത്തിന് അനുയോജ്യമായ കോഴ്സുകളോടെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കണ്ടറികളിലും കോളേജുകളിലും നടപ്പിലാക്കുന്ന അഡീഷണൽ സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം പോലെ ഐ.ടി.ഐ.-കളിലെ കുട്ടികൾക്കും അഡീഷണൽ സ്കിൽ നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ നിർദ്ദേശ പ്രകാരമാണ്. ആയത് അനുസരിച്ച് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് നിർത്തലാക്കിയ ട്രേഡുകളും തൊഴിൽ ലഭ്യതയില്ലായെന്ന കാരണത്താൽ കേരള സർക്കാർ നിർത്തലാക്കിയ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡും മികവിന്റെ കേന്ദ്രം പദ്ധതി പ്രകാരമുള്ള ട്രേഡുകൾക്കും പകരമായി അനുയോജ്യമായ ട്രേഡുകൾ വിവിധ ഐ.ടി.ഐ.-കളിൽ അനുവദിച്ചിട്ടുണ്ട്.

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് വഴി ഐ.ടി.ഐ.-കളിലെ കുട്ടികൾക്ക് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓയിൽ & റിഗ് മേഖലയിൽ അഡ്വാൻസ് സ്കിൽ നൽകുന്നതിനായി Enlighten Skill Program for Oil and Rig (ESPOR) എന്ന സ്ഥാപനം അങ്കമാലിയിൽ പ്രവർത്തനം ആരംഭിച്ചു. ഹൈടെക് ഓട്ടോമേഷൻ&മെക്കാട്രോണിക്സ് ഓട്ടോമോട്ടീവ്, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിലും മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഐ.ടി.ഐ.-കളിലെ കുട്ടികൾക്ക് Entrepreneurship Development-ന് വേണ്ടി ആദ്യഘട്ടത്തിൽ കേരളത്തിലെ അഞ്ച് ഐ.ടി.ഐ.-കളിൽ Entrepreneurship Development പ്രോഗ്രാം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly